2024
APRIL
18
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## രാജ്യത്ത് ജനസംഖ്യ 144.17 കോടി



**ന്യൂഡൽഹി:** ഇന്ത്യൻ ജനസംഖ്യ 144.17 കോടിയിലെത്തിയെന്ന് കണക്കാക്കുന്നതായി യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട് (യുഎൻഎഫ്പിഎ) റിപ്പോർട്ട്. 142.5 കോടിയുമായി ചൈനയാണ് തൊട്ടുപിറകിൽ. 77 വർഷത്തിനകം ഇന്ത്യയിലെ ജനസംഖ്യ ഇരട്ടിയാകുമെന്നും റിപ്പോർട്ട് പറയുന്നു.

ഇന്ത്യൻ ജനസംഖ്യയുടെ 24 ശതമാനം 014 പ്രായപരിധിയിലുള്ളവരാണ്. 1024 പ്രായപരിധിയിലുള്ളവർ 26 ശതമാനവും 1564 പ്രായപരിധിയിലുള്ളവർ 68 ശതമാനവുമുണ്ട്. ഏഴ് ശതമാനം പേർ 65 വയസിന് മുകളിലുള്ളവരാണ്.

പുരുഷന്മാരുടെ ആയുർദൈർഘ്യം 71 വയസും സ്ത്രീകളുടേത് 74 വയസുമാണ്. 2011ൽ നടന്ന സെൻസസ് പ്രകാരം 121 കോടിയായിരുന്നു രാജ്യത്തെ ജനസംഖ്യ.

## കുട്ടനാട്ടിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു




**കുട്ടനാട്:** ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. ഭോപ്പാലിലെ ലാബിൽ പരിശോധനയ്ക്കയച്ച മൂന്ന് സാമ്പിളുകളും പോസിറ്റീവാണ്.

കുട്ടനാട്ടിലെ എടത്വ, ചെറുതന എന്നിവിടങ്ങളിൽ താറാവുകൾ കൂട്ടത്തോടെ ചത്തിരുന്നു. ഇവിടെനിന്നും ശേഖരിച്ച സാമ്പിളുകൾ ഭോപ്പാലിൽ പരിശോധനയ്ക്ക് അയച്ചിരുന്നു.

ഇവയുടെ ഭലമാണ് പോസിറ്റീവായത്. പക്ഷിപ്പനി സ്ഥിരീകരിച്ച പ്രദേശത്തെ താറാവുകളെയും മറ്റ് പക്ഷികളെയും കൂട്ടത്തോടെ നശിപ്പിക്കും.

# പ്രളയത്തിൽ മുങ്ങി ഗൾഫ്, കോടികളുടെ നഷ്ടം

**ദുബായ്:** ഒരു ദിവസത്തെ മഴയ്ക്കു ശേഷം യുഎഇയിൽ മാനം തെളിഞ്ഞെങ്കിലും മഴക്കെടുതികൾ തുടരുന്നു. ഒരു സ്വദേശിക്കു ജീവൻ നഷ്ടപ്പെട്ടു. ഒമാനിലും സൗദിയിലും മഴ കനത്ത നാശം വിതച്ചു. ഒമാനിൽ ഒരു മലയാളി അടക്കം 18 പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. ഇതിൽ 10 പേർ സ്കൂൾ കുട്ടികളാണ്. സൗദിയുടെ വിവിധ ഭാഗങ്ങളിൽ മഴ തുടരുകയാണ്.

ഒരു വർഷം പെയ്യേണ്ട മഴയാണ് ചൊവ്വാഴ്ച മാത്രം യുഎഇയിൽ പെയ്തിറങ്ങിയത്: 24 മണിക്കൂറിൽ 254 മില്ലിമീറ്റർ. 75 വർഷത്തിനിടെ രാജ്യം കണ്ട ഏറ്റവും വലിയ മഴ. 200 മില്ലിമീറ്ററാണ് ഒരു വർഷം സാധാരണ ലഭിക്കാറുള്ളത്. പതിനായിരക്കണക്കിനു വാഹനങ്ങൾ വെള്ളം കയറി നശിച്ചു. റോഡുകളിലെ വെള്ളക്കെട്ട് മാറാത്തതിനാൽ ഓഫിസുകൾക്ക് വർക്ക് ഫ്രം ഹോമും സ്കൂളുകൾക്ക് ഓൺലൈൻ ക്ലാസുകളും അനുവദിച്ചു. എമിറേറ്റുകളെ ബന്ധിപ്പിക്കുന്ന ബസ് സർവീസ് പൂർണമായി നിർത്തിവച്ചു.

മലയാളികളുടെ ഉടമസ്ഥതയിലുള്ള ചില ഫാമുകൾ വെള്ളത്തിലായി. ആയിരക്കണക്കിനു വളർത്തുമൃഗങ്ങൾക്കു ജീവൻ നഷ്ടപ്പെട്ടു. റോ



ഡിലെ വെള്ളക്കെട്ടു നീക്കാൻ വലിയ പമ്പുകൾ ഉപയോഗിച്ചു വെള്ളം ടാങ്കറുകളിൽ ശേഖരിച്ചു മറ്റു സ്ഥലങ്ങളിലേക്കു മാറ്റുന്നത് 24 മണിക്കൂറും തുടരുന്നു. ചൊവ്വാഴ്ച നിർത്തിവച്ച വിമാന സർവീസുകൾ ഇന്നലെ ഉച്ചയ്ക്കു ശേഷമാണ് പുനരാരംഭിച്ചത്. പെയ്ത്തുവെള്ളം ഒഴുകി പോകുന്നതിനുള്ള സൗകര്യം ഗൾഫ് രാജ്യങ്ങളിൽ കുറവാണ്. സമുദ്രനിരപ്പിനോടു ചേർന്നു കിടക്കുന്നതിനാൽ വലിയ ആഴത്തിൽ വെള്ളം ഒഴുക്കി വിടാൻ സാധിക്കില്ല. ഇത്തവണ മരുഭൂമിയിലെ ഉയർന്ന പ്രദേശങ്ങൾ പോലും വെള്ളത്തിലായത് രക്ഷാപ്രവർത്തനം വൈകിപ്പിച്ചു. അടുത്ത 5 ദിവസത്തേക്കു മഴയ്ക്കു സാധ്യതയില്ലെന്നാണ് അറിയിപ്പ്. ഇന്നു മുതൽ താപനില വർധിക്കും. കേരളത്തിൽനിന്ന് യുഎഇയിലേക്കും തിരിച്ചുമുള്ള ഒട്ടേറെ വിമാനസർവീസുകൾ റദ്ദാക്കി. കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ ടിക്കറ്റ് റദ്ദാക്കി പണം മടക്കി നൽകണമെന്നു യാത്രക്കാരിൽ ചിലർ ആവശ്യപ്പെട്ടത് സംഘർഷത്തിലെത്തി. റദ്ദാക്കിയ സർവീസുകളുടെ എണ്ണം: തിരുവനന്തപുരം വിമാനത്താവളം: 4, കൊച്ചി: 12, കോഴിക്കോട്: 7, കണ്ണൂർ: 8

# വിപണിയിൽ താരമായി പൈനാപ്പിൾ; വില റെക്കോഡിലേക്ക്

**മൂവാറ്റുപുഴ:** വിപണിയിൽ താരമായി പൈനാപ്പിൾ പൈനാപ്പിൾ വില റെക്കോഡ് ഉയരത്തിലെത്തുകയാണ്. കേരളത്തിൽ ഏറ്റവും ഡിമാൻഡുള്ള പൈനാപ്പിൾ പഴത്തിന് വില കിലോയ്ക്ക് 60 രൂപ വരെയെത്തി. പൈനാപ്പിൾ പച്ചയ്ക്ക് 56 രൂപയും സ്പെഷ്യൽ ഗ്രേഡ് പച്ചയ്ക്ക് 58 രൂപയുമാണ് ഇന്നലെ വാഴക്കുളം പൈനാപ്പിൾ മാർക്കറ്റിലെ വില.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് വലിയ തോതിൽ കയറ്റുമതി ചെയ്യപ്പെടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം കാരണം പൈനാപ്പിൾ പഴുക്കാൻ പതിവിലും കൂടുതൽ ദിവസങ്ങൾ എടുത്തതിനാൽ പൈനാപ്പിൾ വിപണിയിൽ എത്തുന്നത് കുറഞ്ഞതും വില വർധനവിന് പ്രധാന കാരണമായി.

കഴിഞ്ഞ വർഷങ്ങൾക്ക്ശേഷം പൈനാപ്പിളിനു ലഭിക്കുന്ന ഏറ്റവും ഉയർന്ന വിലയാണ് ഇന്നലെ വാഴക്കുളം പൈനാപ്പിൾ മാർക്കറ്റിൽ രേഖപെടുത്തിയത്. കാലവർഷ വ്യതിയാനത്തെ തുടർന്ന് കടുത്ത വേന



ലിനു പിന്നാലെ വിഷു കൂടി എത്തിയതാണ് വൻ വിലവർധനവിന് കാരണം. മഹാരാഷ്ട്ര, ആന്ധ്ര പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വൻ ഡിമാൻഡ് ഉയർന്നതും വിലവർധനവിന് കാരണമായിട്ടുണ്ട്.

കഴിഞ്ഞ ദിവസങ്ങളിൽ ദിനേന ആയിരം ടണ്ണിൽ അധികം പൈനാപ്പിളാണ് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലേക്ക് കയറി പോകുന്നത്. നൂറു ലോഡ് പൈ നാ പിൾ വീതം ദിനേന കയറി പോകുവാൻ തുടങ്ങിയതോടെ അഭ്യന്തര വിപണിയിൽ ഉൽപ്പന്നത്തിന് കുറവു വന്നു തുടങ്ങി. ഇതോടെചില്ലറ വിൽപന വില 70 രൂപ മുതൽ 80 രൂപ വരെ എത്തിയിട്ടുണ്ട്.

കഴിഞ്ഞ കാലങ്ങളിൽ ,കാലാവസ്ഥ വ്യതിയാനവും സാമ്പത്തികപ്രതിസന്ധികളും മൂലം കിലോഗ്രാമിന് 25 രൂപ വരെയായി കുറഞ്ഞ പൈനാപ്പിൾ എടുക്കാൻ പോലും ആളില്ലാത്ത അവസ്ഥ സംജാതമായിരുന്നു. നിരവധി ഏക്കർ സ്ഥലത്തെ പൈനാപ്പിൾ വെട്ടിയെടുക്കാൻ പോലും ആളില്ലാതെ പഴുത്ത് ചീഞ്ഞ് നശിക്കുകയും ചെയ്തിരുന്നു. എന്നാൽ അനുകൂല സാഹചര്യം വന്നതോടെ വിലകുതിച്ചു കയറുകയാണ്. നാലു വർഷത്തിനിടെ പൈനാപ്പിളിനു ലഭിക്കുന്ന മികച്ച വിലയാണിത്. കാലാവസ്ഥ വ്യതിയാനം മൂലം വില തകർച്ച നേരിട്ട പൈനാപ്പിൾ കർഷകർക്ക് ഏറെ ആശ്വാസമായിട്ടുണ്ട്.





ബാബു ജോസഫ്



മനോജ് മാനുവൽ

# പി.ആർ.സി.ഐ : ബാബു ജോസഫ് ചെയർമാൻ, മനോജ് മാനുവൽ സെക്രട്ടറി

**കൊച്ചി:** പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ (പി.ആർ.സി.ഐ) കൊച്ചി ചാപ്റ്ററിന്റെ പുതിയ ചെയർമാനായി ബാബു ജോസഫ് (ഡയറക്ടർ,എസ്.എച്ച് സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ),നെയും സെക്രട്ടറിയായി മനോജ് മാനുവൽ (നല്ല റിലേഷൻസ്) നെയും തിരഞ്ഞെടുത്തു. പി. കെ നടേഷ്(ക്രിയേറ്റീവ് സോഴ്സ്) ആണ് ട്രഷറർ. വൈസ് ചെയർമാനായി ഐശ്വര്യ പ്രമോദ്(തിങ്ക് ഡോട്സ് മീഡിയ പ്രൊഡക്ഷൻ), ജോയിന്റ് സെക്രട്ടറിയായി ഷാഹുൽ ഹമീദ് (കോംവെർട്ടിക്ക പിആർ ആന്റ് മീഡിയ റിലേഷൻസ്)നെയും തിരഞ്ഞെടുത്തു. കെ രവികുമാർ (ദി ഐഡം ന്യൂസ് പോർട്ടൽ), കെ വി ഷാജി (ബ്രൈറ്റ് കമ്മ്യൂണിക്കേഷൻസ്),രേഖ ബിറ്റു (ജേർണലിസ്റ്റ് ആന്റ് മീഡിയ കൺസൾട്ടന്റ്), സുജിത് നാരായണൻ (ജേർണലിസം ഡിപ്പാർട്ട്മെന്റ് മേധാവി, സേക്രഡ് ഹാർട്ട് കോളജ്), നൗഷാദ് നിൽഗിരീസ് (ബ്രിറ്റ് ഫോർട്ട് അക്കാദമി), ഷൈൻ സക്കറിയ (കേരള വിഷൻ ന്യൂസ്) എന്നിവരാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ. പി.ആർ.സി.ഐ സംസ്ഥാന ചെയർമാൻ റാം മേനോന്റെ അധ്യക്ഷതയിൽ കൊച്ചിയിൽ ചേർന്ന വാർഷിക പൊതുയോഗത്തിൽ പുതിയ ഭാരവാഹികൾ സ്ഥാനമേറ്റു. നാഷണൽ വൈസ് പ്രസിഡന്റ് യു.എസ്.കുട്ടി സത്യവാചകം ചൊലിക്കൊടുത്തു. പി.ആർ.സി.ഐ നാഷണൽ ഗവേണിംഗ് കൗൺസിൽ സെക്രട്ടറിയും ഡയറക്ടറുമായ ഡോ.ടി.വിനയ് കുമാർ മുഖ്യപ്രഭാഷണം നടത്തി.



# ഐഎംഎയിൽ 20 ന് ഷഹബാസ് അമന്റെ സംഗീത സന്ധ്യ

**കൊച്ചി:**ഐ.എം.എ കൊച്ചിയുടെ നേതൃത്വത്തിൽ എക്സ്.ജെ എന്റർടെയിൻമെന്റ് സുമായി സഹകരിച്ച് പ്രമുഖ ഗായകനും സംഗീത സംവിധായകനുമായി ഷഹബാസ് അമൻ നയിക്കുന്ന 'ഷഹബാസ് പാടുന്നു ' എന്ന പേരിൽ സംഗീത സന്ധ്യ സംഘടിപ്പിക്കുന്നു. കലൂർ ഐഎംഎ ഹൗസിൽ ശനിയാഴ്ച (ഏപ്രിൽ 20) വൈകിട്ട് 6.30 നാണ് സംഗീത നിശ നടക്കുന്നത്. ടിക്കറ്റുകൾ പേടിഎം ഇൻസൈഡർ വഴി ലഭിക്കും. കൊച്ചി നഗരത്തിലെ സാംസ്ക്കാരിക, വിനോദ പരിപാടികളുടെ പ്രധാന ഹബ്ബായി മാറുന്ന കലൂർ ഐഎംഎ ഹൗസിൽ വരും ദിവസങ്ങളിലും കൂടുതൽ വിനോദ പരിപാടികൾ സംഘടിപ്പിക്കുമെന്ന് ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം.എം ഹനീഷ്, സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ, ട്രഷറർ ഡോ.സച്ചിൻ സുരേഷ് എന്നിവർ പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് 9497064272

# കൊവിഡ് വീണ്ടും തലപൊക്കുന്നു; ജാഗ്രത വേണമെന്ന് ഐഎംഎ

**കൊച്ചി:** മൂന്നു മാസത്തെ ഇടവേളയ്ക്ക് ശേഷം കൊവിഡ് വീണ്ടും തലപൊക്കുന്നതായി ഐഎംഎ. കൊച്ചി ഐ എം എ യുടെ ആഭിമുഖ്യത്തിൽ സർക്കാർ,സ്വകാര്യ മേഖലയിലെ വിദഗ്ദ്ധ ഡോക്ടർമാർ ചേർന്ന അവലോകന യോഗത്തിലാണ് ഇത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയത്. സൈക്ലിക്കൽ അഥവാ ചാക്രികമായ ചില വൈറൽ രോഗങ്ങളുടെ സവിശേഷതയാണിത് എങ്കിലും കൊവിഡ് തരംഗങ്ങൾക്കിടയിലുള്ള ഇടവേള ഇത്രയും ചുരുങ്ങിയത് ആദ്യമാണെന്നും യോഗം വിലയിരുത്തി. ഏപ്രിൽ മാസം രണ്ടാം വാരം നടത്തിയ കൊവിഡ് പരിശോധനയിൽ ഏഴു ശതമാനം ടെസ്റ്റുകൾ പോസിറ്റീവായിട്ടുണ്ട്, എന്നാൽ ഗുരുതര രോഗം ഇതുവരെ കണ്ടെത്തിയിട്ടില്ല. ബംഗ്ലൂരിൽ ഈ മാസത്തെ വേസ്റ്റ് വാട്ടർ പരിശോധനയിൽ വൈറസ് സജീവമാണെന്ന് റിപ്പോർട്ടുണ്ട്. ഇതിനർത്ഥം രാജ്യത്ത് കോവിഡ് വീണ്ടും കാണപ്പെട്ടു തുടങ്ങി എന്നാണ്. കോവിഡാനന്തര പ്രശ്നങ്ങൾ വരാതിരിക്കാനായി ആവർത്തിച്ചുള്ള രോഗം ഒഴിവാക്കുന്നതാണ് ദീർഘകാലാടിസ്ഥാനത്തിൽ നല്ലതെന്നും യോഗം മുന്നറിയിപ്പു നൽകി.

**ഡെങ്കിപ്പനി സജീവം**

കൊതുകു മൂലം ഉണ്ടാകുന്ന ഡെങ്കിപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾ ഇപ്പോഴും സജീവമാണ്. മഴക്കാലം വരുമ്പോൾ ഇപ്പോഴത്തെ കൊതുകുകൾ ഇടുന്ന മുട്ടകൾ വിരിയുകയും കൊതുകുകൾ പെരുകുകയും ചെയ്യും. വെള്ളക്കെട്ടുണ്ടായാൽ ഇത് അനിയന്ത്രിതമാകും. അതൊഴിവാക്കാൻ ചപ്പും പ്ലാസ്റ്റിക്കും മറ്റും മൂലം അടഞ്ഞ ഓടകൾ നേരത്തെ തന്നെ വൃത്തിയാക്കി വെള്ളക്കെട്ടുണ്ടാകാതെ തടയണം. ഒപ്പം വീടിനോട് ചേർന്നുള്ള പറമ്പുകളിൽ വെള്ളക്കെട്ടുണ്ടാകാതിരിക്കാൻ എല്ലാവരും മുൻകൈയെടുക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

**ഭക്ഷ്യവിഷബാധയ്ക്കെതിരെ മുൻകരുതൽ**

ഭക്ഷ്യ വിഷബാധ ഒഴിവാക്കാൻ ശുദ്ധജലം കരുതുകയും സുരക്ഷിതമായ ഇടങ്ങളിൽ നിന്നും ഭക്ഷണം കഴിക്കുകയും ചെയ്യുക. ഭക്ഷണം പാകം ചെയ്യുന്നതിന് മുൻപും ആഹാരം കഴിക്കുന്നതിനു മുൻപും ടോയ്‌ലറ്റ് ഉപയോഗത്തിനു ശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കണമെന്നും യോഗം നിർദ്ദേശിച്ചു.

**റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി അനിവാര്യം**

റോഡപകടങ്ങൾ തടയാൻ കൂടുതൽ നടപടികൾ വേണം. അപകടത്തിൽ പെടാതെ കാൽനടക്കാർക്ക് നടക്കാനായി സുരക്ഷിതമായ നടപ്പാതകളും തുറസ്സായ സ്ഥലങ്ങളും ഉണ്ടാകണം. ഉപയോഗിക്കാതെ കിടക്കുന്ന സ്റ്റേഡിയം, വലിയ കോളേജ് ഗ്രൗണ്ടുകൾ മുതലായവ പൊതുജനങ്ങളുടെ സൗകര്യാർത്ഥം കൂടുതൽ പേർക്കു വ്യായാമം ചെയ്യാൻ വിധത്തിൽ സൗകര്യം ഒരുക്കിയാൽ പ്രമേഹം ഹൃദ്രോഗം മുതലായ ജീവിതശൈലീരോഗങ്ങൾ പരമാവധി ഒഴിവാക്കാനും സാധിക്കുമെന്നും യോഗം വിലയിരുത്തി. ഐഎംഎ കൊച്ചി സയന്റിഫിക് അഡ്വൈസർ ഡോ. രാജീവ് ജയദേവൻ, ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ.എം.എം ഹനീഷ്, മുൻ പ്രസിഡന്റ് മാരായ ഡോ. സണ്ണി പി ഓരത്തേൽ, ഡോ. മരിയ വർഗീസ് ഡോ. എ. അൽത്താഫ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# തൃശൂർ പൂരം: കുട്ടികളുടെ സുരക്ഷയ്ക്കായി ക്യൂആർ കോഡ് ഒരുക്കി കേരള പോലീസും വിയും




**തൃശ്ശൂർ:** കഴിഞ്ഞ മണ്ഡലകാലത്ത് ശബരിമലയിലെത്തിയ കുട്ടികളുടെ സുരക്ഷയ്ക്കായി ക്യൂആർ കോഡ് സംവിധാനം നടപ്പാക്കിയ രാജ്യത്തെ മുൻനിര ടെലികോം കമ്പനിയായ വി ഇക്കുറി തൃശ്ശൂർ പൂരത്തിനും കേരള പോലീസുമായി സഹകരിച്ച് പൂരത്തിനെത്തുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനായി ക്യൂആർ കോഡ് ബാൻഡ് പുറത്തിറക്കി.

തൃശ്ശൂർ കമ്മീഷണർ ഓഫീസിൽ നടന്ന ചടങ്ങിൽ ജില്ല പോലീസ് മേധാവി അങ്കിത് അശോകൻ ഐപിഎസ് വി ക്യൂആർ കോഡ് ബാൻഡ് പ്രകാശനം ചെയ്തു. വോഡഫോൺ ഐഡിയ കേരളാതമിഴ്നാട് ക്ലസ്റ്റർ ബിസിനസ് മേധാവി ആർ എസ് ശാന്താറാം, വോഡഫോൺ ഐഡിയ ലിമിറ്റഡിൻറെ കേരള സർക്കിൾ ഓപ്പറേഷൻസ് ഹെഡും വൈസ് പ്രസിഡൻറുമായ ബിനു ജോസ്, വോഡഫോൺ ഐഡിയ ലിമിറ്റഡിൻറെ തൃശ്ശൂർ സോണൽ മാനേജർ സുബിൻ സെബാസ്റ്റ്യൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.ദശലക്ഷക്കണക്കിന് പൂരപ്രേമികൾ തടിച്ചു കൂടുന്ന തേക്കിൻകാട് മൈതാനിയിലെ തൃശ്ശൂർ പൂരം ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ഉത്സവങ്ങളിൽ ഒന്നാണ്. ഈ തിരക്കിനിടെ കുട്ടികൾ മാതാപിതാക്കളിൽ നിന്നും വേർപെടുന്നതും പോലീസ് അവരെ കണ്ടെത്താൻ കഷ്ടപ്പെടുന്നതും പതിവ് കാഴ്ചയാണ്. പൂരം പോലെയുള്ള വലിയ പരിപാടികളിലെ ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് വി കേരള പോലീസുമായി ചേർന്ന് ഈ നൂതന ക്യൂആർ കോഡ് സംവിധാനം അവതരിപ്പിച്ചതെന്ന് വാഡഫോൺ ഐഡിയ കേരളാതമിഴ്നാട് ക്ലസ്റ്റർ ബിസിനസ് മേധാവി ആർ എസ് ശാന്താറാം പറഞ്ഞു. ' ബി സംവൺസ് വി ' എന്ന കാമ്പയിനിലൂടെ സമൂഹത്തിൻറെ ഒത്തൊരുമയും ഉൾക്കൊള്ളലും പ്രോത്സാഹിപ്പിക്കുന്ന വിയുടെ ക്യൂആർ കോഡ് സാങ്കേതിക വിദ്യ വലിയ ആഘോഷങ്ങളിലും ഒത്തുചേരലുകളിലും പോലീസിന് സഹായകരമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കഴിഞ്ഞ കുറെ വർഷങ്ങളായി പൂരത്തിനിടെ നേരിട്ടിരുന്ന ഒരു വലിയ വെല്ലുവിളിക്ക് പരിഹാരമെന്നോണം വിയുമായി ചേർന്ന് നൂതനമായ ഒരു സംവിധാനം പുറത്തിറക്കിയതിൽ സന്തോഷമുണ്ടെന്ന് ജില്ല പോലീസ് മേധാവി അങ്കിത് അശോകൻ ഐപിഎസ് പറഞ്ഞു. തിരക്കിനിടെ കുട്ടികളെ കാണാതാകുന്ന സംഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലും അവരെ സുരക്ഷിതമായി കണ്ടെത്തുന്നതിലും വിയുടെ സുരക്ഷ ക്യൂആർ കോഡ് സാങ്കേതിക വിദ്യ കേരള പോലീസിന് വലിയ തോതിൽ സഹായകരമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പൂരനഗരിയിലെ വിയുടെ സ്റ്റാളിൽ എത്തി പേര് രജിസ്റ്റർ ചെയ്താൽ വി ക്യൂആർ കോഡ് ബാൻഡുകൾ ലഭിക്കും. കേരള പോലീസുമായി ചേർന്ന് 8086100100 എന്ന പൂരം ഹെൽപ്പ് ലൈൻ നമ്പറും വി പുറത്തിറക്കിയിട്ടുണ്ട്.




# ടൈ കേരള യുവ സംരംഭകത്വ പരിശീലനത്തിന് സമാപനം

**കൊച്ചി:** അബദ്ധങ്ങൾ സംഭവിക്കുമെന്ന് ഭയപ്പെടാതെ മുമ്പോട്ട് നടക്കുന്നവരാണ് സംരംഭകരായി വിജയംവരിക്കുന്നതെന്ന് ഫെഡറൽ ബാങ്ക് മുൻ ചെയർമാൻ സി ബാലഗോപാൽ പറഞ്ഞു. ടൈ കേരളയുടെ ഈവർഷത്തെ 5000 വിദ്യാർഥികളെ പങ്കെടുപ്പിച്ച് നടത്തിയ ടൈ യംഗ് എൻറർപ്രണ്ർസ് പരിപാടിയുടെ സമാപനചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.തെറ്റ് സംഭവിക്കുകയും അത് തിരുത്താൻ പരിശ്രമിക്കുകയും ചെയ്യുന്നവരാണ് വിജയം വരിക്കുന്നത്. ഒരാൾക്ക്തെറ്റൊന്നും സംഭവിച്ചില്ല എന്നതിന് അർഥം അയാൾ ഒന്നും ചെയ്തില്ലെന്നാണെന്നും അദ്ദേഹം പറഞ്ഞു.ടൈ കേരള പ്രസിഡൻറ് ജേക്കബ് ജോയ് ഉദ്ഘാടനം ചെയ്തു. ചുറ്റുമുള്ള പ്രശ്നങ്ങളെ കുറിച്ച് ചിന്തിച്ചാൽ മികച്ചബിസിനസ് ആശയങ്ങൾ ലഭിക്കുമെന്നും ആത്മവിശ്വാസമാണ് ഒരു സംരംഭകന് ആദ്യം വേണ്ടതെന്നും അദ്ദേഹംപറഞ്ഞു.

ടൈ ഗ്ലോബൽ ചെയർ വിനോദിനി സുകുമാർ, സ്കൂൾ പ്രിൻസിപ്പൽ റീന രാജേഷ്, ഡോ.ജീമോൻ കോര, എന്നിവർ പ്രസംഗിച്ചു. ഫാ. ആഞ്ചലോ ചക്കനാട്ട് അസോസിയെറ്റ് ഡയറക്ടർ, വൈസ് പ്രിൻസിപ്പൽ ഷാലിജോസ്, അരുൺ നായർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# മഹീന്ദ്ര മെറ്റൽ ബോഡിയോടു കൂടിയ ട്രിയോ പ്ലസ് പുറത്തിറക്കി



**കൊച്ചി:** ഇന്ത്യയിലെ നമ്പർ വൺ ഇലക്ട്രിക് ത്രീവീലർ കമ്പനിയായ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് (എംഎൽഎംഎംഎൽ), മെറ്റൽ ബോഡിയോട് കൂടിയ ഏറ്റവും പുതിയ ഇലക്ട്രിക് ഓട്ടോയായ ട്രിയോ പ്ലസ് വിപണിയിൽ അവതരിപ്പിച്ചു. ഉപഭോക്താക്കളുടെ പ്രതികരണങ്ങളുടെ അടിസ്ഥാനത്തിലാണ് ജനപ്രിയ ട്രിയോ പ്ലസിൽ മെറ്റൽ ബോഡി കൂടി ഉൾപ്പെടുത്തിയതെന്ന് കമ്പനി അറിയിച്ചു. ആകർഷകമായ 3.58 ലക്ഷം രൂപയാണ് പുതിയ വേരിയൻറിൻറെ എക്സ് ഷോറൂം വില.

നിലവിൽ രാജ്യത്തെ ഏറ്റവും ജനപ്രിയ ഇലക്ട്രിക് ഓട്ടോയാണ് ട്രിയോ പ്ലസ്. 2018ലാണ് ഇന്ത്യയിലെ നമ്പർ വൺ ഇലക്ട്രിക് ത്രീവീലർ നിർമാതാക്കളായ മഹീന്ദ്ര ട്രിയോ പ്ലസ് അവതരിപ്പിച്ചത്. ഇതിനകം 50000ലധികം ട്രിയോ പ്ലസ് ഓട്ടോകൾ നിരത്തിലിറങ്ങിയിട്ടുണ്ട്. എൽ5എം ഇവി വിഭാഗത്തിൽ ഏകദേശം 52% വിപണി വിഹിതം കയ്യാളുന്നതും ട്രിയോ പ്ലസാണ്. ഇത്രയും ഓട്ടോകൾ 1.10 ബില്യൺ കിലോമീറ്റർ സഞ്ചരിച്ചതിലൂടെ 18,500 മെട്രിക് ടൺ സിഒ2 പുറന്തള്ളുന്നത് ഒഴിവാക്കുകയും ചെയ്തു.പ്രകടനത്തിൻറെ കാര്യത്തിലും മുന്നിലാണ് ട്രിയോ പ്ലസ്. 10.24 കെഡബ്ല്യുഎച്ച് ബാറ്ററിയാണ് കരുത്ത്. 42 എൻഎം ടോർക്കോടുകൂടിയ 8 കിലോവാട്ട് പവർ ഇത് നൽകും. ഒറ്റ ചാർജിൽ 150 കിലോമീറ്ററിലധികം സഞ്ചരിക്കാം. മെറ്റൽ ബോഡി വേരിയൻറ് ട്രിയോ പ്ലസിന് 5 വർഷം/1,20,000 കിലോമീറ്റർ സ്റ്റാൻഡേർഡ് വാറൻറി ഉപഭോക്താക്കൾക്ക് ലഭിക്കും. ട്രിയോ മെറ്റൽ ബോഡി വേരിയൻറ് വാങ്ങുന്ന ഡ്രൈവർമാർക്ക് ആദ്യ വർഷത്തേക്ക് 10 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷയും മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് വാഗ്ദാനം ചെയ്യുന്നു. ലോൺ കാലാവധി 60 മാസമായി വർധിപ്പിച്ചതിനൊപ്പം, 90% വരെ ഫിനാൻസും കുറഞ്ഞ ഡൗൺ പേയ്മെൻറ് സ്കീമുകളും ഇതോടൊപ്പം മഹീന്ദ്രയും ഫിനാൻസ് പങ്കാളികളും ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്നു.

ഞങ്ങളുടെ ഉപഭോക്താക്കളുടെ സംതൃപ്തിയാണ് മഹീന്ദ്രയിൽ ഞങ്ങളുടെ മുൻഗണനയെന്ന് മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡിൻറെ മാനേജിങ് ഡയറക്ടറും സിഇഒയുമായ സുമൻ മിശ്ര പറഞ്ഞു. ഉപഭോക്താക്കൾക്ക് കൂടുതൽ ചോയ്സുകൾ വാഗ്ദാനം ചെയ്യുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്നും അവർ കൂട്ടിച്ചേർത്തു.

# മികച്ച വളർച്ച നേടി വാർഡ്വിസാർഡ്

**കൊച്ചി:** ജോയ് ഇബൈക്ക്, ജോയ് ഇറിക്ക് ബ്രാൻഡുകളുടെ നിർമാതാക്കളും, ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് വാഹന നിർമാതാക്കളുമായ വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ് 2024 മാർച്ചിൽ മികച്ച വളർച്ച രേഖപ്പെടുത്തി. 3,801 യൂണിറ്റ് ഇലക്ട്രിക് ഇരുചക്രവാഹനങ്ങളാണ് ബ്രാൻഡ് 2024 മാർച്ചിൽ കയറ്റി അയച്ചത്. ഇതോടൊപ്പം 16 ത്രീവീലറുകളും കമ്പനി വിറ്റു. മുൻവർഷത്തെ അപേക്ഷിച്ച് വിൽപനയിൽ 1.5% വളർച്ചയാണ് രേഖപ്പെടുത്തിയത്. 2023 മാർച്ചിൽ 3,744 ഇരുചക്ര വാഹനങ്ങളാണ് കമ്പനി വിൽപന നടത്തിയത്. അതേസമയം കഴിഞ്ഞ മാസത്തെ വിൽപനയുമായി താരതമ്യം ചെയ്യുമ്പോൾ 88% ഗണ്യമായ വളർച്ച രേഖപ്പെടുത്തി. ഫെബ്രുവരിയിൽ 2,018 യൂണിറ്റുകളുടെ വിൽപനയാണുണ്ടായിരുന്നത്.




# ഹയർ ഇന്ത്യ എസ് 800ക്യുടി ക്യുഎൽഇഡി സീരീസ് അവതരിപ്പിച്ചു

**കൊച്ചി:** ഹയർ അപ്ലയൻസസ് ഇന്ത്യ, അതിന്റെ ഏറ്റവും പുതിയ സ്മാർട്ട് ക്യുഎൽഇഡി സീരീസ് എസ്800 ക്യുടി ലോഞ്ച് പ്രഖ്യാപിച്ചു. ഹോം എന്റർടൈൻമെന്റ് അനുഭവം ഉയർത്താൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ സീരീസിന് 4കെ ക്യുഎൽഇഡി ഡിസ്പ്ലേയുണ്ട്. കൂടാതെ 75”,65’, 55’, 43’ വലുപ്പങ്ങളിൽ വരുന്നു. 38,990 രൂപ മുതൽ വിപണിയിൽ ലഭ്യമാണ്. ഡോൾബി വിഷൻ അറ്റ്മോസ്, ഗൂഗിൾ ടിവി, 120ഹേർട്സ് ഡിഎൽജിയും 2ജിബി റാമും ഉള്ള സുഗമമായ ഗെയിമിംഗ് അനുഭവം, ഫാർ ഫീൽഡ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഹാൻഡ്സ് ഫ്രീ വോയ്സ് നിയന്ത്രണം, മൈക്രോ ഡിമ്മിംഗ്, ഗംഭീരമായ മെറ്റൽ ഡിസൈൻ തുടങ്ങിയ നൂതന ഫീച്ചറുകളോടെയാണ് പുതിയ സീരീസ് അവതരിപ്പിച്ചിരിക്കുന്നതെന്ന് ഹയർ ഇന്ത്യ പ്രസിഡന്റ് എൻ എസ് സതീഷ് പറഞ്ഞു. ക്വാണ്ടം ഡോട്ട് ടെക്നോളജി ഉപയോഗിച്ച്, എസ് 800ക്യുടി സീരീസ് അസാധാരണമായ നിറങ്ങളും, അവിശ്വസനീയമാം വിധം ലൈഫ് ലൈക്ക് വിഷ്വലുകളും, 4കെ ഡിസ്പ്ലേയ്ക്കൊപ്പം സമാനതകളില്ലാത്ത വ്യക്തതയും നൽകുന്നു. ഈ വിപ്ലവകരമായ സീരീസ് അത്യാധുനിക സാങ്കേതികവിദ്യയെ ദൃശ്യപരമായി ആകർഷകമായ രൂപത്തോടെ സമന്വയിപ്പിക്കുന്നു.ഹയറിൽ, ഹോം എന്റർടൈൻമെന്റ് അനുഭവം തുടർച്ചയായി പുനർനിർവചിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്, കൂടാതെ ഫീച്ചർ പായ്ക്ക് ചെയ്ത എസ് 800ക്യുടി ക്യുഎൽഇഡി സീരീസ് ഉപയോഗിച്ച്, അത്യാധുനിക സാങ്കേതികവിദ്യയുടെയും സൗന്ദര്യാത്മക മികവിന്റെയും സമന്വയ സംയോജനമാണ് ഞങ്ങൾ നൽകുന്നതെന്നും എൻ എസ് സതീഷ് പറഞ്ഞു.





## ഡെയ്മ്‌ലെർ ഇന്ത്യയുടെ കൊമേഴ്‌സ്യൽ വാഹനങ്ങൾ ബാറ്ററി ഇലക്ട്രിക്കിലേക്ക്

**കൊച്ചി:** ഡെയ്മ്ലെർ ഇന്ത്യ ട്രക്ക് എ.ജി('ഡെയ്മ്‌ലെർ ട്രക്ക്') യുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഡെയ്മ്ലെർ ഇൻഡ്യ കൊമേഴ്സ്യൽ വെഹിക്കിൾസ് (ഡി.ഐ.സി.വി) ഇന്ത്യൻ ബാറ്ററി ഇലക്ട്രിക് വിപണിയിലേക്കുള്ള അതിന്റെ ഓൾഇലക്ട്രിക് നെക്സ്റ്റ് ജനറേഷൻ ഇകാന്ററിന്റെ വരവ് പ്രഖ്യാപിച്ചു. ഓൾഇലക്ട്രിക് ഇകാന്ററിന്റെ വിപണിയിലേക്കുള്ള അവതരണം, കാലക്രമേണ തങ്ങളുടെ മുഴുവൻ വാഹനങ്ങളും കാർബൺ രഹിതമാക്കുന്നതിനുള്ള കമ്പനിയുടെ ലക്ഷ്യത്തിന്റെ ആദ്യപടിയാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## ഗോദ്‌റെജ് ലേ അഫയറിന്റെ ആറാമത് എഡിഷൻ സംഘടിപ്പിച്ചു

**കൊച്ചി:** ലൈഫ് സ്റ്റൈൽ രംഗത്തെ ആധുനിക പ്രവണതകൾ അവതരിപ്പിച്ചു കൊണ്ട് ഗോദ്റെജ് ഇൻഡസ്ട്രീസും അനുബന്ധ കമ്പനികളും ചേർന്ന് ഗോദ്റെജ് ലേ അഫയറിൻറെ ആറാമത് എഡിഷൻ സംഘടിപ്പിച്ചു. 1500ൽ ഏറെ വ്യക്തികൾ പങ്കെടുത്ത ആധുനിക ലൈഫ്സ്റ്റൈൽ സംബന്ധിച്ച ഈ പരിപാടിയിൽ അൻപതിലേറെ ബ്രാൻഡുകളുടെ സാന്നിധ്യമാണ് ഉണ്ടായിരുന്നത്. എച്ച്എസ്ബിസി ഇന്ത്യയാണ് ഗോദ്റെജ് ലേ അഫയർ അവതരിപ്പിച്ചത്.ഉപഭോക്താക്കൾക്ക് ആഴത്തിലുള്ള ആധികാരികവും വ്യക്തിഗതവുമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നതിലുള്ള തങ്ങളുടെ പ്രതിബദ്ധത ഉയർത്തിക്കാട്ടുന്നതായിരുന്നു ഗോദ്റെജ് ലേ അഫയർ എന്ന് ഇതേക്കുറിച്ചു പ്രതികരിച്ച ഗോദ്റെജ് ഇൻഡസ്ട്രീസ് എക്സിക്യൂട്ടീവ് ഡയറക്ടർ തന്യ ദുബാഷ് പറഞ്ഞു. ഊർജ്ജസ്വലമായ ലൈഫ്സ്റ്റൈൽ സമൂഹം ഒരുമിച്ചെത്തുന്നതായിരുന്നു ഗോദ്റെജ് ലേ അഫയറിനായുള്ള തങ്ങളുടെ സഹകരണത്തിലൂടെ കാണാനായതെന്ന് എച്ച്എസ്ബിസി ഇന്ത്യ കസ്റ്റമേഴ്സ് പ്രൊപോസിഷൻസ്, ഡിജിറ്റൽ ആൻറ് മാർക്കറ്റിങ് മേധാവി ജസ്വിന്ദർ സോധി പറഞ്ഞു.

## മ്യൂചൽ ഫണ്ട് ആസ്തികളിൽ 35 ശതമാനം വർധനവ്

**കൊച്ചി:** 2024 സാമ്പത്തിക വർഷം ആഭ്യന്തര മ്യൂചൽ ഫണ്ടുകൾ കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 14 ലക്ഷം കോടി രൂപ വർധിച്ച് 53.40 ലക്ഷം കോടി രൂപയിലെത്തിയതായി 2024 മാർച്ചിലെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. 2023 മാർച്ചിലെ 39.42 ലക്ഷം കോടി രൂപയെ അപേക്ഷിച്ച് 35 ശതമാനം വർധനവാണിത്. 2021 സാമ്പത്തിക വർഷം ഈ മേഖലയിൽ ഉണ്ടായ 41 ശതമാനം വർധനവിന് ശേഷമുള്ള ഏറ്റവും വലിയ വർധനവാണിത്. 17.78 കോടി ഫോളിയോകൾ എന്ന റെക്കോർഡ് വളർച്ചയുടെ കൂടി പിൻബലത്തിലാണ് ഈ നേട്ടം. ഏകദേശം 4.46 കോടി നിക്ഷേപകർ ഈ രംഗത്തുണ്ടെന്നാണ് അനുമാനിക്കുന്നത്. നിക്ഷേപകരുടെ 23 ശതമാനം വനിതകളും 77 പുരുഷൻമാരുമാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. ഓഹരി, ഹൈബ്രിഡ്, സൊല്യൂഷൻ അധിഷ്ഠിത പദ്ധതികൾ തുടങ്ങിയവയിലാണ് വ്യക്തിഗത നിക്ഷേപകർ കൂടുതൽ താൽപര്യം കാട്ടുന്നത്.

## പൊതുതെളിവെടുപ്പ് മേയ് 14 ലേക്ക് മാറ്റിവച്ചു

**തിരുവനന്തപുരം:** സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, 2022 ഏപ്രിൽ 1 മുതൽ 5 വർഷത്തേക്കുള്ള മൂലധന നിക്ഷേപ പദ്ധതി അംഗീകരിക്കുന്നതിനായി സമർപ്പിച്ച പെറ്റീഷനിൽ ഡിസ്ട്രിബ്യൂഷൻ ബിസിനസ്സ് യൂണിറ്റുമായി ബന്ധപ്പെട്ട പൊതുതെളിവെടുപ്പ് ഏപ്രിൽ 17 ൽ നിന്ന് മേയ് 14 ലേക്ക് മാറ്റി. രാവിലെ 11 മണിക്ക് കമ്മീഷന്റെ തിരുവനന്തപുരത്ത് വെള്ളയമ്പലത്തുള്ള കോർട്ട് ഹാളിലാണ് പൊതുതെളിവെടുപ്പ്.



# പോളക്കുരുക്കിൽ അപ്പർ കുട്ടനാട് ബോട്ടുയാത്രയും കായൽ ടൂറിസവും

**കുമരകം:** അപ്പർ കുട്ടനാടിൻറെ വികസനം അസാധ്യമാക്കി ജലാശയങ്ങൾ പോള നിറഞ്ഞ് മാലിന്യ വാഹിനികളായി. വേമ്പനാട്ടുകായലിലും അനുബന്ധ നദികളിലും പോള നിറഞ്ഞ് തിങ്ങിയതിനാൽ ജലയാനങ്ങൾക്കൊന്നും സഞ്ചരിക്കാൻ കഴിയാത്ത സ്ഥിതിയാണ് . ഹൗസ് ബോട്ടുകളും ശിക്കാര വള്ളങ്ങളും കായലിൽ ഇറക്കുക വളരെ ബുദ്ധിമുട്ടേറിയ ജോലിയായി മാറി.

കായലിൽ പണിയെടുത്ത് നിത്യവൃത്തി കഴിക്കുന്ന കക്കാവാരൽ തൊഴിലാളികൾ, കായൽ മണ്ണും കായൽ കട്ടയും കുത്തി വള്ളത്തിൽ കയറ്റി വിതരണം ചെയ്യുന്ന തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി എല്ലാവരും പ്രതിസന്ധി നേരിടുകയാണ്. കുടുംബം പോറ്റാൻ മറ്റു മാർഗങ്ങളില്ലാതെ കായലിൽ പോയി മടങ്ങാനാകാതെ പോളയ്ക്കുള്ളിൽ കുടുങ്ങി മണിക്കൂറുകളോളം പൊരിവെയിലിൽ കഴിയേണ്ടി വന്ന സംഭവങ്ങൾ നിരവധിയാണ്.

വിദേശികളായ ജർമൻ പോളയും ആഫ്രിക്കൻ പായലും കുട്ടനാടിൻറെ ശാപമായി മാറിയത് ഇരുപ്പൂ നെൽകൃഷിക്കുവേണ്ടി നിർമിച്ച തണ്ണീർമുക്കം ബണ്ടു മൂലമാണ്. ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കടൽ വെള്ളം കയറി അപ്പർകുട്ടനാടിനെ ശുചീകരിക്കുന്ന പ്രക്രിയ ബണ്ട് കെട്ടി തടഞ്ഞതാണ് കുട്ടനാടിന് ശാപമായി മാറിയിരിക്കുന്നത്.

മാർച്ച് 15നെങ്കിലും തുറക്കേണ്ട ഷട്ടറുകൾ ഏപ്രിൽ മാസം പകുതിയാകുമ്പോൾ മാത്രമാണ് തുറക്കുന്നത്. ഇതു പ്രകൃതിയുടെ സ്വാഭാവിക ശുചീകരണ പ്രക്രിയയ്ക്ക് അവസരം നിഷേധിക്കുന്നു. പഞ്ചായത്തുകൾ പോള നീക്കം ചെയ്യാൻ ആവിഷ്കരിക്കുന്ന ഒരു പദ്ധതികളും വിജയിക്കുന്നില്ല. ജില്ലാ പഞ്ചായത്ത് പോള വാരൽ യന്ത്രം പരീക്ഷിച്ചു പരാജയപ്പെട്ടു. ഇപ്പോൾ ഈ യന്ത്രം കട്ടപ്പുറത്താണ്. തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി പോള നീക്കാൻ നടത്തിയ നീക്കവും വിജയിച്ചില്ല. ഇപ്പോൾ തദ്ദേശസ്ഥാപനങ്ങൾക്ക് പോള നീക്കാൻ ഫണ്ടുമില്ല.

പോളശല്യം രൂക്ഷമായതോടെ സുരക്ഷയെ മുൻനിർത്തി കോട്ടയം, ആലപ്പുഴ ജലപാതയിൽ മൂന്നു ബോട്ടു സർവീസുകൾ റദ്ദാക്കി. കോട്ടയത്തുനിന്നും ആലപ്പുഴയിൽനിന്നും ഇന്നലെ മുതൽ രണ്ടു സർവീസുകളെയുള്ളൂ. കഴിഞ്ഞദിവസം വെട്ടിക്കാടിനു സമീപം യാത്രാ ബോട്ട് പോളയിൽ കുരുങ്ങിയിരുന്നു. സ്ത്രീകളും കുട്ടികളും അടക്കം 18 യാത്രക്കാർ ഒരു രാത്രി കായലിൽ മരണഭയത്തിൽ കഴിഞ്ഞു.

ബോട്ട് പിന്നീട് കെട്ടിവലിക്കുകയായിരുന്നു. അപകടത്തെക്കുറിച്ച് അന്വേഷിക്കാൻ ഇതുവരെ ഇറിഗേഷൻ വകുപ്പ് തയാറായിട്ടില്ല. ബോട്ട് സർവീസ് വെട്ടിക്കുറച്ചതോടെ ജലഗതാഗത വകുപ്പിനു വൻ നഷ്ടമാണുണ്ടായിരിക്കുന്നത്.

യാത്രക്ലേശം ഇരട്ടിയുമായി. കോട്ടയത്തുനിന്നു അഞ്ചു സർവീസുകളുണ്ടായിരുന്നത് രാവിലെ 11.30നും ഉച്ചകഴിഞ്ഞ് ഒന്നിനുമായി ചുരുക്കി. ആലപ്പുഴയിൽനിന്നും രാവിലെ 7.15നും 9.30നും മാത്രമേ സർവീസുണ്ടാകൂ.

# പെരിയാർ വറ്റിവരളുന്നു

**ഉപ്പുതറ:** കേരളത്തിലെ പ്രധാന നദികളിലൊന്നായ പെരിയാർ അന്ത്യ ശ്വാസം വലിക്കുന്നു. നേരിയ നീരൊഴുക്കു മാത്രമാണ് പെരിയാറിൻറെ ജീവൻ നിലനിർത്തുന്നത്. ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ ഈ നീരൊഴുക്കും നിലയ്ക്കും. പെരിയാറിൻറെ വൃഷ്ടിപ്രദേശത്ത് വേനൽ മഴ ഇതുവരെ ലഭിച്ചിട്ടില്ല. കൈവഴികളായ ചെറുപുഴകളും തോടുകളും ഫെബ്രുവരി പകുതിയോടെ വറ്റിവരണ്ടിരുന്നു.

നീരൊഴുക്കു കുറഞ്ഞതിനാൽ അന്നു മുതൽ പെരിയാറിനെ ആശ്രയിച്ചുള്ള വലുതും ചെറുതുമായ അൻപതിലധികം കുടിവെള്ള പദ്ധതികൾ പ്രതിസന്ധിയിലായിരുന്നു. ജലവിതരണം ആഴ്ചയിൽ രണ്ടു ദിവസമായി പരിമിതപ്പെടുത്തുകയും നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്.



നീരാഴുക്കു നിലച്ചാൽ പമ്പിംഗ് നിർത്തിവയ്ക്കേണ്ടി വരുമെന്ന ആശങ്കയിലാണ് അധികൃതരും നാട്ടുകാരും. അങ്ങനെ സംഭവിച്ചാൽ പീരുമേട്, ഉടുമ്പൻചോല , ഇടുക്കി താലൂക്കുകളിലെ പതിനായിരക്കണക്കിന് കുടുംബങ്ങൾ ശുദ്ധജലത്തിന് മറ്റു വഴികൾ തേടേണ്ടിവരും.

ഹൈറേഞ്ചിലെ രണ്ടു മാസം മുൻപു മുതൽ ഉയർന്ന പ്രദേശങ്ങളെല്ലാം കടുത്ത കുടിവെള്ള ക്ഷാമത്തിലാണ്. കിലോമീറ്ററുകൾ താണ്ടിയാണ് ഇവർ ഇപ്പോൾ കുടിവെള്ളം ശേഖരിക്കുന്നത്. ദൂരെ സ്ഥലങ്ങളിലുള്ളവർ അലക്കാനും കുളിക്കാനും പെരിയാറിനെയാണ് ആശ്രയിക്കുന്നത്.നീരൊഴുക്കു നിലയ്ക്കുന്നതോടെ ഇവരും പ്രതിസന്ധിയിലാകും.1986 ലാണ് ഇതിനു മുന്പ് പെരിയാർ ഇതുപോലെ വറ്റിവരണ്ടത്. അന്നു രണ്ടു മാസത്തോളം പെരിയാറിൽ നീരൊഴുക്ക് ഉണ്ടായിരുന്നില്ല. അതിനിടെ നിർവഹണത്തിലെ അനാസ്ഥയും അശാസ്ത്രീയതയും മൂലം നിരവധി പദ്ധതികൾ പാതിവഴിയിൽ നിശ്ചലമായതും ഹൈറേഞ്ചിലെ കുടിവെള്ള ക്ഷാമത്തിൻറെ രൂക്ഷത വർധിപ്പിച്ചു.

ഇനി മഴ പെയ്താലും രക്ഷിച്ചെടുക്കാൻ കഴിയാത്ത വിധം ഏലം, കുരുമുളക്, കാപ്പി അടക്കമുള്ള കാർഷിക വിളകളെല്ലാം കരിഞ്ഞുണങ്ങി

# കടുത്ത വേനലിൽ പകർച്ചവ്യാധികൾ പെരുകുന്നു ഡെങ്കിപ്പനിക്കെതിരേ ജാഗ്രത വേണം



**തൊടുപുഴ:** കടുത്ത ചൂടിനെത്തുടർന്ന് തളരുന്ന ജനങ്ങൾക്കിടയിൽ വില്ലനായി പകർച്ച വ്യാധികളും. പകർച്ചപ്പനി, ഡെങ്കിപ്പനി, ചിക്കൻ പോക്സ്, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങളാണ് വ്യാപിക്കുന്നത്. ഡെങ്കിപ്പനി കേസുകൾ ജില്ലയിൽ കൂടി വരുന്നതായാണ് ആരോഗ്യ വകുപ്പിൻറെ കണക്കുകൾ വ്യക്തമാക്കുന്നത്.

ഫെബ്രുവരിയിൽ 15 പേർക്കാണ് ഡെങ്കിപ്പനി കണ്ടെത്തിയത്. എന്നാൽ ഈ മാസം പകുതിയോടെ 17 ഡെങ്കിപ്പനി കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. അതിനാൽ വേനൽക്കാലത്ത് ഡെങ്കിപ്പനിക്കെതിരേ ജാഗ്രത വേണമെന്ന് ആരോഗ്യ വകുപ്പ് മുന്നറിയിപ്പ് നൽകുന്നു. കൊതുകുകൾ പരത്തുന്ന രോഗത്തിനു പിന്നിൽ മനുഷ്യൻറെ അശ്രദ്ധയും ഉണ്ടെന്ന് ഡോക്ടർമാർ പറയുന്നു.

മുറ്റത്തും, പുരയിടത്തിലും വെള്ളം കെട്ടിനിൽക്കാതെ നോക്കുക, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക എന്നിവ കൊതുകുകൾ പെരുകുന്നത് തടയും. കഴിഞ്ഞ മൂന്നു മാസത്തിനിടയിൽ മഞ്ഞപ്പിത്തവും ജില്ലയിൽ റിപ്പോർട്ട് ചെയ്തു. ഫെബ്രുവരിയിൽ നാലു പേർക്കാണ് മഞ്ഞപ്പിത്തം കണ്ടെത്തിയത്. മാർച്ചിൽ ഏഴും ഈ മാസം 11 വരെ ഏഴ് കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ മാസം 25 പേർക്കാണ് ചിക്കൻപോക്സ് സ്ഥിരീകരിച്ചത്. ഫെബ്രുവരിയിൽ 15 പേർക്കും മാർച്ചിൽ ആറ് പേർക്കും ഈ മാസം 25 പേർക്കും ചിക്കൻ പോക്സ് റിപ്പോർട്ട് ചെയ്തു. പനി, തലവേദന എന്നീ ലക്ഷണങ്ങളോടെ തുടങ്ങി ദേഹത്ത് കുമിളകൾ ഉണ്ടാകുന്പോഴാണ് പലരും രോഗം തിരിച്ചറിയുന്നത്. രോഗബാധിതനായ ആളിൻറെ സാമീപ്യം വഴി രോഗം പകരും. കുമിളകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങുന്പോൾ തന്നെ ചികിത്സിക്കുന്നതാണ് ഉത്തമം.

വൈറൽപനി ബാധിതരുടെ എണ്ണവും കൂടുന്നുണ്ട്. ഈ മാസം ഇതുവരെ 1855 പേർ വൈറൽ പനി ബാധിതരായി വിവിധ ആശുപത്രികളിൽ ചികിത്സ തേടിയെത്തി. ഫെബ്രുവരിയിൽ 6692 പേരും മാർച്ചിൽ 5195 പേരും പനി ബാധിച്ച് ചികിത്സ തേടി. പനി മാറിയാലും ചുമ, തലവേദന, ശരീരവേദന, തൊണ്ടവേദന, മറ്റ് ശാരീരിക ബുദ്ധിമുട്ടുകൾ എന്നിവ ദിവസങ്ങളോളം നീണ്ടു നിൽക്കുന്ന സ്ഥിതിയുമുണ്ട്.

വരൾച്ച കടുത്തതോടെ ശുദ്ധജലത്തിൻറെ അഭാവം മൂലം വയറിളക്ക രോഗങ്ങൾ പിടികൂടാനുള്ള സാധ്യതയുള്ളതായി ഡോക്ടർമാർ പറയുന്നു. വേനൽ കനത്തതോടെ ജില്ലയിൽ പലയിടങ്ങളിലും ജലക്ഷാമം രൂക്ഷമായതിനാൽ ജലജന്യരോഗങ്ങൾ വ്യാപകമാകാനിടയുണ്ടെന്നും ആരോഗ്യവകുപ്പ് മുന്നറിയിപ്പു നൽകുന്നു. തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിയ്ക്കാൻ ഉപയോഗിക്കാവൂ എന്ന് ആരോഗ്യവകുപ്പധികൃതർ മുന്നറിയിപ്പു നൽകി.



# തേക്കടി പുഷ്പമേളയ്ക്ക് ജനത്തിരക്കേറി

**കുമളി:** പതിനാറാമത് തേക്കടി പുഷ്പമേളയിൽ ജനത്തിരക്കേറുന്നു. 250ൽപ്പരം പൂച്ചെടികളും ഫലവൃക്ഷ തൈകളും അലങ്കാരച്ചെടികളും ഇൻഡോർ പ്ലാൻറുകൾ, അലങ്കാര മത്സ്യങ്ങൾ, വാണിജ്യ സ്റ്റാളുകൾ തുടങ്ങിയവ തേക്കടി പുഷ്പമേളയിൽ ഒരുക്കിയിട്ടുണ്ട്.

മഴയില്ലാത്തതിനാൽ ദിവസവും ലോറികളിൽ വെള്ളമെത്തിച്ചാണ് ചെടികൾ നനയ്ക്കുന്നത്. തമിഴ്നാട്ടിൽനിന്നും ദിവസവും നൂറുകണക്കിനാളുകളാണ് മേളയ്ക്കെത്തുന്നത്. തേക്കടിയിലെത്തുന്ന വിദേശ സഞ്ചാരികളും മേള നഗറിലെ സന്ദർശകരാണ്. വൈകുന്നേരങ്ങളിലാണ് തിരക്ക്.

ദിവസവും വൈകുന്നേരം ഏഴുമുതൽ പ്രഫഷണൽ ട്രൂപ്പുകളുടെ കലാപരിപാടികൾ നടക്കുന്നുണ്ട്. പുഷ്പമേളയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന അമ്യൂസ്മെൻറ് പാർക്കിലെ വിനോദങ്ങളിൽ നല്ല തിരക്കാണ്.

സംഘാടക സമിതി ചെയർ പേഴ്സൺ കുമളി പഞ്ചായത്ത് പ്രസിഡൻറ് രജനി ബിജു, പഞ്ചായത്ത് വൈസ് പ്രസിഡൻറ് കെ.എം. സിദ്ദിഖ്, മണ്ണാറത്തറ ഗാർഡൻസ് ഉടമകളായ ഷാജി, റെജി, പുഷ്കരൻ, തേക്കടി അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റി സെക്രട്ടറി ടി.ടി. തോമസ് എന്നിവർ നേതൃത്വം നൽകുന്നു.

# ശുദ്ധജല ക്ഷാമത്തിന് പരിഹാരമാകുന്നു

**പാലക്കുഴ:** ആരക്കുഴ, പാലക്കുഴ പഞ്ചായത്തുകളിലെ ശുദ്ധജല ക്ഷാമത്തിന് പരിഹാരമാകുന്നു. 36.61 കോടി മുടക്കി നടക്കുന്ന പണി പൂർത്തിയാകുന്നതോടെ ആരക്കുഴയിലും പാലക്കുഴയിലും ജലക്ഷാമം പഴങ്കഥയാകും. ഇതോടെ 3243 കുടുബങ്ങളിൽ കൂടി കുടിവെള്ളം നൽകാനാകും.

ആരക്കുഴ, പാലക്കുഴ സമഗ്ര കുടിവെള്ള പദ്ധതിക്കായി നബാർഡ് സഹായം ഉൾപ്പെടെ 13.50 കോടി ചെലവിട്ടാണ് ഒന്നാം ഘട്ടം പൂർത്തിയാക്കിയത്. ഇതിൻറെ ഉദ്ഘാടനം കഴിഞ്ഞ വർഷം മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. രണ്ടു പഞ്ചായത്തുകളിലായി 4870 കുടിവെള്ള കണക്ഷനുകളുണ്ട്.

പാലക്കുഴ അമ്പാട്ടുകണ്ടം പുളിക്കമാലി റോഡിൽ ചെറുമലക്കുന്ന് ഇടുങ്ങിനാം പാറയിൽ 22 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിൻറേയും വിതരണ കുഴലുകളുടേയും വിന്യാസം പൂർത്തിയായി.

തൊടുപുഴയാറ്റിൽ ആരക്കുഴ മൂഴിയിലെ ആറ് മീറ്റർ വ്യാസമുള്ള കിണറ്റിൽ നിന്ന് പണ്ടപ്പിള്ളിക്കു സമീപം കൊന്നാനിക്കാട്ടുള്ള ജലശുദ്ധീകരണ കേന്ദ്രത്തിലേക്ക് പമ്പ് ചെയ്യാൻ, 50 എച്ച്പി പമ്പ് സെറ്റും 2550 മീറ്റർ ലൈനും സ്ഥാപിച്ചിട്ടുണ്ട്. ശുദ്ധീകരണ ടാങ്കിന് പ്രതിദിനം 55 ലക്ഷം ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ ശേഷിയുണ്ട്.

ഇവിടെ നിന്ന് ആരക്കുഴയിലെ കൊന്നാനിക്കാട് കുമ്പളത്തുമല, ആച്ചക്കോട്ടുമല, പ്രദേശങ്ങളിൽ പണിപൂർത്തിയാക്കിയ സംഭരണികളിലേയ്ക്ക് വെള്ളം എത്തിച്ചാണ് ആരക്കുഴ പഞ്ചായത്തിൽ വെള്ളം എത്തിക്കുന്നത്.

പാലക്കുഴയിലെ വിതരണത്തിനുള്ള ജലം കൊന്നാനിക്കാട്ട് നിന്ന് 1575 മീറ്റർ പൈപ്പ് ലൈൻ വഴി പണ്ടപ്പിള്ളിയിലെ സംഭരണിയിൽ ശേഖരിയ്ക്കും. അവിടെ നിന്ന് ജലം പമ്പ് ചെയ്ത് പാലക്കുഴയിലെ വിവിധ പ്രദേശങ്ങളിൽ എത്തിക്കും.

എലച്ചിക്കുന്ന്, ഇല്ലിക്കുന്ന്, പാലാനിക്കുംതടം എന്നീ സംഭരണികളിലേയ്ക്ക് 7260 മീറ്റർ നീളത്തിൽ പമ്പിംഗ് ലൈനുകളും സ്ഥാപിച്ചിട്ടുണ്ട്. പള്ളിക്കുന്നിലെ ജലസംഭരണിയും മറ്റു പണികളും പദ്ധതിയുടെ രണ്ടാംഘട്ടത്തിലുണ്ട്. അടുത്ത 30 വർഷത്തെ ജനസംഖ്യാ വർധന കണക്കാക്കി രണ്ട് പഞ്ചായത്തുകളിലേയും 35884 പേർക്ക് പ്രതിദിനം 100 ലിറ്റർ ശുദ്ധജലം നൽകാനുള്ള ശേഷിയുണ്ട്.



# കൊടുംചൂടിൽ കരിഞ്ഞുണങ്ങി പൈനാപ്പിൾ തോട്ടങ്ങളും

**വടക്കഞ്ചേരി:** കൊടുംചൂടിൽ കരിഞ്ഞുണങ്ങി പൈനാപ്പിൾ തോട്ടങ്ങളും. ഇപ്പോഴുള്ള കടുത്ത ചൂട് ഉത്പാദനത്തേയും ബാധിച്ചെന്ന് കർഷകർ പറഞ്ഞു. വലുപ്പമില്ലാതെ തൂക്കം കുറഞ്ഞ പൈനാപ്പിളാണ് ഉണ്ടാകുന്നത്. ഇത് കർഷകർക്ക് ഭീമമായ നഷ്ടം ഉണ്ടാക്കും. പൈനാപ്പിൾ ചെടികളെ രക്ഷിക്കാൻ ഗ്രീൻ നെറ്റ് കൊണ്ട് തോട്ടങ്ങൾ മൂടിയിടുകയാണ്.

ഇതിനു തന്നെ ലക്ഷങ്ങൾ ചെലവാകുന്നതായി കർഷകർ പറഞ്ഞു. വലിയ പ്രതീക്ഷയോടെയായിരുന്നു വൻ തുക പാട്ടം നൽകി പലരും പൈനാപ്പിൾ കൃഷി നടത്തിയത്. എന്നാൽ വിളവെടുപ്പ് സമയമായപ്പോൾ ചൂടും വരൾച്ചയും കൃഷിക്ക് വലിയ തിരിച്ചടിയായി. ചൂടിൽ കൈതോലകൾ കരിഞ്ഞുണങ്ങി നിൽക്കുന്നതും ദയനീയമായ കാഴ്ചകളാണ്. പൊതുവെ ചൂടിലും കരുത്തോടെ നിൽക്കുന്ന പൈനാപ്പിൾ ചെടികൾക്ക് ഏതാനും ആഴ്ചകളായി തുടരുന്ന ചൂട് താങ്ങാനാകുന്നില്ല.

# കൊടുംവരൾച്ച: അട്ടപ്പാടിയിൽ കൃഷിത്തോട്ടങ്ങൾ കരിഞ്ഞുണങ്ങുന്നു

**അഗളി:** വേനൽമഴ ലഭിക്കാതെ അട്ടപ്പാടി കൊടുംവരൾച്ചയിലേക്ക്. അട്ടപ്പാടിയിൽ വിവിധ പ്രദേശങ്ങളിലെ കൃഷിത്തോട്ടങ്ങളിൽ വ്യാപകമായ ഉണക്ക് ബാധിച്ചു കഴിഞ്ഞു. വേനൽമഴ ഇതുവരെ ലഭിച്ചിട്ടില്ല. ചില ഇടങ്ങളിൽ അനുഭവപ്പെട്ട ദുർബലമായ ചാറ്റൽ മഴ ചൂടു വർധിക്കുന്നതിനും കൃഷികൾ ഉണങ്ങുന്നതിനും കാരണമായി. അട്ടപ്പാടിയിൽ കുടിവെള്ള ക്ഷാമവും അതിരൂക്ഷമായി തുടരുകയാണ്.



കൊടുങ്ങരപള്ളം വരണ്ടു. ഭവാനി, ശിരുവാണി പുഴകൾ ഇടമുറിഞ്ഞു. അട്ടപ്പാടി പരിസ്ഥിതി പുനഃസ്ഥാപനത്തിനായി അഹാഡ്സ് നടപ്പാക്കിയ ബൃഹത് പദ്ധതികൾക്ക് തുടർച്ച ഉണ്ടായില്ലെന്നു മാത്രമല്ല, അഹാർഡ്സ് സംരക്ഷിക്കപ്പെട്ട വാട്ടർ ഷെഡുകളും, മറ്റു പരിസ്ഥിതി പുനസ്ഥാപന പദ്ധതികളും പാടെ നശിപ്പിക്കപ്പെട്ട നിലയിലാണ്. നിയന്ത്രണങ്ങൾ ഇല്ലാതെ എത്തുന്ന വമ്പൻ റിസോർട്ടുകളും മറ്റു സ്ഥാപനങ്ങളും മലകൾ ഇടിച്ചു നിരത്തിയും നൂറുകണക്കിന് ചെറുതോടുകൾ ഇല്ലാതാക്കിയും പ്രകൃതിവിരുദ്ധത തുടരുകയാണന്ന് നാട്ടുകാർ ചൂണ്ടിക്കാട്ടി. റോഡും പുഴയും തോടും കീഴടക്കി കൊണ്ടുള്ള റിസോർട്ട് നിർമാണങ്ങൾ അട്ടപ്പാടിയിൽ വർധിച്ചു വരികയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം പ്രവർത്തികൾക്ക് ഒത്താശ നൽകുന്നതായും നാട്ടുകാർ പരാതിപ്പെട്ടു.

ഭവാനി, ശിരുവാണി പുഴകളിലും കൊടുങ്ങരപള്ളത്തിലും അടിയന്തരമായി തടയണകൾ നിർമിക്കണമെന്നും, ചെറുതോടുകൾ സംരക്ഷിക്കുന്നതിനുള്ള സത്വര നടപടികൾ ഉണ്ടാകണമെന്നുമാണ് നാട്ടുകാരുടെ ആവശ്യം.

വന്യമൃഗ ശല്യവും വരൾച്ചയും അട്ടപ്പാടി ജനതയെ ദുരിതത്തിലേക്ക് തള്ളി വിട്ടിരിക്കുകയാണ്.

# എഐ സാങ്കേതിക മികവുള്ള ടിവികളുമായി സാംസങ്




**കൊച്ചി:** പ്രമുഖ ഇലക്ട്രോണിക്സ് കമ്പനിയായ സാംസങ് ഐഐ തനിമയുള്ള അൾട്രാ പ്രീമിയം നിയോ ക്യൂഎൽഇഡി 8കെ, നിയോ ക്യൂഎൽഇഡി 4കെ, ഒഎൽഇഡി ടിവികൾ പുറത്തിറക്കി.

ബംഗളൂരുവിലെ സാംസങ് ഓപ്പറ ഹൗസിൽ അൺബോക്സ് ആൻഡ് ഡിസ്കവർ എന്ന് പേരിട്ടിരുന്ന ചടങ്ങിൽ സംഘടിപ്പിച്ച പരിപാടിയിലാണ് ഐഐ ടിവികളുടെ പുതിയ പ്രപഞ്ചം ലോകത്തിന് മുന്നിൽ അവതരിപ്പിച്ചത്. ഉപഭോക്താക്കളുടെ ജീവിതരീതി ഉയർത്തുന്നതിനായി സാംസങ് ഉത്പന്നങ്ങളിലെല്ലാം എഐയുടെ പരിവർത്തന ശക്തി ഉപയോഗപ്പെടുത്തുകയാണെന്നും അതിനാലാണ് ഹോം എന്റർടെയ്ൻമെന്റുമായി എഐ മികവ് സംയോജിപ്പിച്ചിരിക്കുന്നതെന്നും സാംസങ് സൗത്ത് വെസ്റ്റ് ഏഷ്യ പ്രസിഡന്റും സിഇഒ യുമായ ജെ ബി പാർക്ക് പറഞ്ഞു.

ഇത് തങ്ങളുടെ ഉപഭോക്താക്കൾക്ക് മികവാർന്ന ദൃശ്യാനുഭവം നൽകും. 2024 റേഞ്ചിലെ നിയോ ക്യൂഎൽഇഡി 8കെ, നിയോ ക്യൂഎൽഇഡി 4കെ, ഒഎൽഇഡി എന്നീ ടിവികൾ ഹോം എന്റർടെയ്ൻമെന്റിന് പുതിയ അനുഭവം നൽകും. കൂടാതെ സുസ്ഥിരത, കരുത്തുറ്റ സുരക്ഷ എന്നിവയും പ്രദാനം ചെയ്യുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ടെലിവിഷനുകൾ ആധുനിക ജീവിതത്തിന്റെ അനിവാര്യതയാണ്. വലിയ സ്ക്രീനിന്റെ ഉയർന്നുവരുന്ന ആവശ്യം പ്രീമിയം ടീവികളോടുള്ള ഉപഭോക്താക്കളുടെ താത്പര്യം പ്രതിഫലിപ്പിക്കുന്നവയാണ്. ദൃശ്യമികവിലും ശബ്ദമേന്മയിലും പുതിയ നിലവാരം സ്ഥാപിക്കുന്നതിന് തങ്ങളുടെ എഐ ടിവികൾ പര്യാപ്തമാണെന്ന് സാംസങ് ഇന്ത്യ വിഷ്വൽ ഡിസ്‌പ്ലേ ബിസിനസ് സീനിയർ വൈസ് പ്രസിഡന്റ് മോഹൻദീപ് സിംഗ് പറഞ്ഞു. എഐ മികവുള്ള നിയോ ക്യൂഎൽഇഡി 8കെ, നിയോ ക്യൂഎൽഇഡി 4കെ, ഒഎൽഇഡി എന്നിവയുടെ വരവോടെ ഇന്ത്യൻ വിപണിയിൽ ആധിപത്യം സ്ഥാപിക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നതായും അദ്ദേഹം പറഞ്ഞു.

# പോസ് ബൈ സൊണാറ്റ സ്പ്രിങ് സമ്മർ വാച്ച് ശേഖരം പുറത്തിറക്കി



**കൊച്ചി:** സൊണാറ്റയുടെ ഉപ ബ്രാൻഡും സമകാലീന ഫാഷനും വാച്ച് നിർമാണവും ഒത്തിണക്കുന്നതിലെ മുൻനിരക്കാരുമായ പോസ് ബൈ സൊണാറ്റ 2024ലെ പുതിയ സ്പ്രിങ്, സമ്മർ ശേഖരം പുറത്തിറക്കി. ആകർഷകമായ വർണ്ണങ്ങളിലും സ്റ്റൈലുകളിലുമുള്ള വാച്ച് ശേഖരമാണ് പോസ് ബൈ സൊണാറ്റ അവതരിപ്പിക്കുന്നത്. സീരിയസ് ബ്ലാക്ക്സ്, ചോക്ലേറ്റ് ബ്രൗൺ, മില്ലേനിയൽ പിങ്ക്സ്, ബോൾഡ് മെറ്റാലിക്സ് തുടങ്ങിയ സമകാലീക വർണങ്ങളും പ്ലേറ്റിങ്ങും ഏറ്റവും പുതിയ ഫാഷൻ പ്രവണതകളും ഉൾക്കൊള്ളുന്നവയാണ് പുതിയ സ്പ്രിങ്, സമ്മർ വാച്ച് ശേഖരം.

ഗുണമേൻമ, ലഭ്യത, മാറിക്കൊണ്ടിരിക്കുന്ന ഡിസൈനുകൾ തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉപഭോക്താവിൻറെ ഒരു ആഭരണം എന്നതിലുപരി ദൈനംദിന ജീവിതത്തിൽ അനിവാര്യമായ ഒന്നായി മാറുന്ന വാച്ചുകൾ തങ്ങൾ തുടർച്ചയായി ലഭ്യമാക്കുകയാണെന്ന് സൊണാറ്റ ബ്രാൻഡ് ഹെഡ് പ്രതീക് ഗുപ്ത പറഞ്ഞു. 2024ലെ സ്പ്രിങ്, സമ്മർ ശേഖരങ്ങൾ ഉപഭോക്താക്കളുടെ ചലനാത്മക ജീവിത ശൈലിക്ക് അനുസൃതമായി രൂപകൽപന ചെയ്തിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.പോസ് ബൈ സൊണാറ്റയുടെ ഈ സ്പ്രിങ്, സമ്മർ ശേഖരം 695 മുതൽ 1695 രൂപ വരെയുള്ള വില നിലവാരത്തിലാണ് ലഭ്യമായിട്ടുള്ളത്. www.sonatawatche-s.in എന്ന സൊണാറ്റയുടെ ഔദ്യോഗിക വെബ്സൈറ്റിലും രാജ്യത്തുടനീളമുള്ള റീട്ടെയിൽ ഔട്ട്ലെറ്റുകളിലും ലഭ്യമാണ്.




# പ്രഥമ ദക്ഷിണേഷ്യൻ കുറാഷ് ചാമ്പ്യൻഷിപ്പ് കൊച്ചിയിൽ



**കൊച്ചി:** ഇന്റർനാഷണൽ കുറാഷ് അസോസിയേഷനുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന പ്രഥമ സൗത്ത് ഏഷ്യൻ കുറാഷ് ചാമ്പ്യൻഷിപ്പ് കൊച്ചിയിൽ നടക്കും. ഏപ്രിൽ 19 മുതൽ 21 വരെ തേവര സേക്രഡ് ഹാർട്ട് കോളജാണ് ചാമ്പ്യൻഷിപ്പിന് ആതിഥ്യം വഹിക്കുന്നത്. വിവിധ ദക്ഷിണേന്ത്യൻ രാജ്യങ്ങളിൽ നിന്നുള്ള 250ലേറെ താരങ്ങൾ മത്സരങ്ങളിൽ പങ്കെടുക്കും. പ്രമുഖ താരങ്ങളായ പിങ്കി ബൽഹാര, മാലപ്രഭ ജാദവ് എന്നിവർ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുക്കും. ടീമുകൾ വെള്ളിയാഴ്ച കൊച്ചിയിൽ എത്തും. ശനി, ഞായർ ദിവസങ്ങളിലാണ് മത്സരം. ചാമ്പ്യൻഷിപ്പിന്റെ ലോഗോ എറണാകുളം പ്രസ് ക്ലബ്ബിൽ നടന്ന ചടങ്ങിൽ എസ്.എച്ച് കോളജ് മാനേജർ ഫാ.വർഗീസ് കാച്ചപ്പിള്ളി സിഎംഐ പ്രകാശനം ചെയ്തു. കുറാഷ് അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റും സംഘാടക സമിതി ചെയർമാനുമായ രാജൻ വർഗീസ്, ജനറൽ കൺവീനർ തെസ്നി വർഗീസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ചാമ്പ്യൻഷിപ്പ് 20ന് രാവിലെ 10.30ന് കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു.ഷറഫലി ഉദ്ഘാടനം ചെയ്യും. ഇന്റർനാഷണൽ കുറാഷ് അസോസിയേഷന്റെ ടെക്നിക്കൽ ഡയറക്ടർ രവി കപൂർ, കേരള കുറാഷ് അസോസിയേഷൻ പ്രസിഡന്റ് വിവേക് വേണുഗോപാൽ, കുറാഷ് അസോസിയേഷൻ ഓഫ് ഇന്ത്യ വൈസ് പ്രസിഡന്റും എവിഎ ഗ്രൂപ്പ് ഓഫ് കമ്പനീസ് ഡയറക്ടറും സംഘാടക സമിതി സെക്രട്ടറിയുമായ വിക്രാന്ത് കുമാർ എന്നിവർ പങ്കെടുക്കും. ഏഷ്യൻ ഗെയിംസ് ഇനമായ കുറാഷ്, വേൾഡ് മാർഷൽ ആർട്സ് ഗെയിംസിൽ ഉൾപ്പെടെ പ്രധാന ഇനമാണ്. 2009 പ്രഥമ ദേശീയ കുറാഷ് ചാമ്പ്യൻഷിപ്പിന് എസ്.എച്ച് കോളജ് ആതിഥേയത്വം വഹിച്ചിരുന്നു. 2012ൽ ഏഷ്യൻ കുറാഷ് ചാമ്പ്യൻഷിപ്പിനും, 2016ൽ ലോക കുറാഷ് ചാമ്പ്യൻഷിപ്പിനും കൊച്ചി വേദിയൊരുക്കി. കുറാഷ് കായിക വിനോദത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം, വിവിധ ദക്ഷിണേന്ത്യൻ രാജ്യങ്ങളിൽ നിന്നുള്ള പങ്കാളികൾക്കിടയിൽ സാംസ്കാരിക വിനിമയവും കായികക്ഷമതയും വളർത്തുകയെന്ന ലക്ഷ്യവും ചാമ്പ്യൻഷിപ്പിനുണ്ടെന്ന് രാജൻ വർഗീസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

